(സി) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി 1 കോടി രൂപ വീതം സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തേയ്ക്ക് 1 കോടി രൂപ അനുവദിച്ച് നൽകുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ഗസറ്റഡ് റാങ്കോടെ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക

8 (1739) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, കെ.പി.എസ്.സി., എ.ജി. എന്നീ ഓഫീസുകളിൽ ടൈപ്പിസ്റ്റുമാർക്ക് പ്രമോഷനാകുമ്പോൾ ഗസറ്റഡ് റാങ്കുള്ള ഓഫീസ് സൂപ്രണ്ട് തസ്തിക നിലവിലുള്ളതു പോലെ വിവിധ വകുപ്പുകളിൽ ടൈപ്പിസ്റ്റുമാരുടെ പ്രമോഷൻ തസ്തികയായ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക സീനിയർ സൂപ്രണ്ട് തലത്തിൽ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അവർക്ക് സീനിയർ സൂപ്രണ്ട് സ്കെയിലിൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല

അസ്സറ്റ് സ്റ്റേറ്റ്മെന്റ്

9 (1741) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മന്ത്രിമാരും അസ്സറ്റ് സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടോ;

(ബി) അസ്സറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഭൂപരിഷ്കരണനിയമത്തിന് വിരുദ്ധമായി അധികം ഭൂമിയുള്ളവരുണ്ടോ; എങ്കിൽ ഏതെല്ലാം മന്ത്രിമാർക്ക്, എത്ര ഭൂമിയുണ്ടെന്ന് അറിയിക്കാമോ;

(സി) മന്ത്രിമാർ നിയമം ലംഘിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമപ്രകാരം പരിധിയിൽ അധികം ഭൂമി കൈവശമുള്ളർക്കെതിരെ സ്വീകരിക്കുന്ന നടപടി എന്താണ്; അങ്ങനെയുള്ള മന്ത്രിമാരുണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly